DESPATCHED On 23-06-20

28/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 566(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1183**/എസ്.ഐ.സി–ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.തോമസ് കുട്ടി എം.ടി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ.,
ചങ്ങനാശ്ശേരി.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ശ്രീ നാരായണാ കോളേജ്,
   കൊല്ലം – 691 001.

2. അപ്പീൽ അധികാരി,
   ശ്രീ നാരായണാ കോളേജ്,
   കൊല്ലം – 691 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.12.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.02.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.02.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.തോമസ്കുട്ടി എം.റ്റി.,

01.02.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 05.09.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.566(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിയ്ക്കകം മറുപടി നൽകിയില്ലെന്നും തുടർന്ന് അപ്പീൽ സമർപ്പിച്ചെങ്കിലും അപ്പീൽ അധികാരിയും യാതൊരു വിവരവും നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 13.11.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 20.12.2017ൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്ന സമയപരിധിക്കുള്ളിൽ എസ്.പി.ഐ.ഒ. വിവരങ്ങൾ നൽകിയില്ലെന്നാണ് ഹർജിക്കാരന്റെ ആക്ഷേപം.

4. ഒന്നാം എതിർകക്ഷി 12.02.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷകളിന്മേൽ 11.01.2018ൽ കൊല്ലം കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ മുഖ്യ വിവരാവകാശ കമ്മീഷണർ തീർപ്പാക്കി ഉത്തരവായിട്ടുണ്ടെന്നും ആയതു പ്രകാരം ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ വളരെ സങ്കീർണ്ണവും ബൃഹത്താകയാലും ടിയാന് ലഭിച്ച മറുപടിയിൽ കൂടുതലായി വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ ടിയാന് ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ ഹാജരായി ടി വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചിരുന്നുവെന്നുമാണ്. കൂടാതെ മുഖ്യ വിവരാവകാശ കമ്മീഷണർ 10.06.2019ൽ നടത്തിയ ഹിയറിംഗിലും ടിയാന്റെ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഹർജിക്കാരൻ ഇതേ വിഷയത്തിൽ ഇനിയും അപേക്ഷകൾ നൽകിയാൽ ആയത് സംബന്ധിച്ച വിവരം നൽകുന്നതിന് ഓഫീസിൽ ഹാജരായി ബന്ധപ്പെട്ട രേഖകൾ നേരിൽ പരിശോധിക്കാവുന്നതാണെന്നു ടിയാനെ അറിയിക്കണമെന്നു നിർദ്ദേശിച്ചിരുന്നുവെന്നുമാണ്. തുടർന്ന് 06.02.2020ൽ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ മറ്റൊരു കമ്മീഷണർ കൈക്കൊണ്ട് നടപടികളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി സ്ഥാപനത്തിൽ നിന്നും 11.03.2019ന് (No.10474/2018-19), 21/12/2018,

(No.PL/9766/2018-19), 25/10/2017, (No.A2/4199/2017), 11/09/2017 (No.G2/3687/17) നമ്പർ കത്തുകൾ പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ 13.11.2017ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കമ്മീഷൻ കാണുന്നില്ല. ആയത് ഗുരുതരമായ വീഴ്ചയാണ്. ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമ ദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 28–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/